# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-T 2733

## 19.07.2011-ലെ മറുപടിക്ക്

## ഹയർ സെക്കന്ററി അധ്യാപകരുടെ ശമ്പള പരിഷ്കരണം

| | ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. എ. റ്റി. ജോർജ്ജ്<br>ശ്രീ. ലൂഡി ലൂയിസ് | ഉത്തരം<br>ശ്രീ. കെ.എം.മാണി<br>ബഹു: ധനകാര്യവകുപ്പ് മന്ത്രി |
|---|---|---|
| (എ) | ഒൻപതാം ശമ്പള പരിഷ്കരണത്തിലെ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | 9-ാം ശമ്പള പരിഷ്കരണ ശുപാശകൾ പരിശോധിക്കുന്നതിനായി നിയമിച്ച മന്ത്രിസഭാ ഉപസമിതിയുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മന്ത്രിസഭാ തീരുമാന പ്രകാരമാണ് ശമ്പള പരിഷ്കരണ ഉത്തരവ് 85/2011/ധന തീയതി 26/02/2011 പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിൻമേൽ വരുന്ന അപാകതകൾ പരിഹരിക്കുന്നതിനായി GO(Ms) No. 96/2011/Fin dt. 01/03/2011 പ്രകാരം ധനകാര്യവകുപ്പിൽ അനോമലി റെക്ടിഫിക്കേഷൻ സെൽ താത്കാലികമായി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെക്ഷനിൽ, സർക്കുലർ നം.29/2011/ധന തീയതി 26.05.2011 നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ലഭിക്കുന്ന പരാതികളിൻമേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഹയർ സെക്കന്ററി മേഖലയിലെ ജൂനിയർ അദ്ധ്യാപകരെ 5 വർഷം തികയുന്ന മുറയ്ക്ക് സീനിയർ അദ്ധ്യാപകരായി ഉയർത്താൻ 2005 ഏപ്രിൽ 25-ാം തീയ്യതിയിലെ | 13.4.05 ന് കൂടിയ 16-ാ മത് സംസ്ഥാന ഹയർ സെക്കണ്ടറി കരിക്കുലം കമ്മറ്റിയുടെ മൂന്നാമത്തെ ശുപാർശയായി 5 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് HSST (Jr;) മാർക്ക് HSST മാരായി പ്രോമോഷൻ നൽകുക എന്ന |

| | | |
|---|---|---|
| | കരിക്കുലം കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | നിർദ്ദേശം അംഗീകരിച്ചിരുന്നു. 20.09.2007 ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ചേംബറിൽ കൂടിയ യോഗത്തിൽ ടി തീരുമാനം അംഗീകരിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുന്ന കരട് സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശം 10.02.2007 - ൽ പൊതു വിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയ്ക്ക് ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.